I ഇ.ബി. XII-കേരള നിയമസഭ /VI-5

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം.**

സംസ്ഥാനത്തെ എൻ.എച്ച്.,എം.സി. റോഡുകളുടെ ശോച്യാവസ്ഥ.

മി. സ്പീക്കർ: സംസ്ഥാനത്തെ നാഷണൽ ഹൈവേയുടെയും എം.സി. റോഡിന്റെ പണി പൂർത്തിയാകാത്ത ഭാഗമുൾപ്പെടെ പി.ഡബ്ളിയു.ഡി.-യുടെ കീഴിലുള്ള പ്രധാന റോഡുകളെല്ലാം തകർന്ന് സ്ഥിതി ആപൽക്കരമായിരിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.ബാബു, വി.കെ. ഇബ്രാഹിംകുഞ്ഞ്, റോഷി അഗസ്റ്റിൻ, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കു വേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കാലവർഷത്തിന്റെ ഫലമായി സംസ്ഥാനത്തെ റോഡുകൾക്ക് ഒരുപാട് നാശമുണ്ടായിട്ടുണ്ട്. മഴ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ അവ

പൂർണ്ണമായും റിപ്പയർ ചെയ്യാൻ കഴിയാത്തതിന്റെ ഫലമായി സംസ്ഥാനത്തെ നല്ല ഭാഗം റോഡുകളും പൂർണ്ണമായും സഞ്ചാരയോഗ്യമല്ലാതായി ത്തീർന്നിട്ടുണ്ട്. അതു പരിഹരിക്കുന്നതിനായി സർക്കാർ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേടായിക്കിടക്കുന്ന റോഡുകൾ മുഴുവൻ റിപ്പയർ ചെയ്യുന്നതിനാവശ്യമായിട്ടുള്ള ഭരണാനുമതി സമയബന്ധിതമായി നൽകിയിരിക്കണമെന്നും ഓരോ ഡിവിഷന്റെയും കീഴിൽ എത്രമാത്രം ഭരണാനുമതി നൽകിയിട്ടുണ്ടെന്നുമുള്ള വിവരം സർക്കാരിനെ അറിയിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായാൽ ശിക്ഷാ നടപടികൾക്ക് വിധേയമാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 89 കോടി രൂപയുടേതിനു പുറമേ ദുരിതാശ്വാസ നിധിയിൽ നിന്ന് 50 കോടി രൂപയുടെയും ഇക്കഴിഞ്ഞ ദിവസങ്ങളിൽ 93 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ശബരിമലയിലേയ്ക്കുള്ള റോഡുക ളുടെ വർക്കുകൾക്ക് പതിനേഴരക്കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ബാക്കിയുള്ള ജോലികൾക്കുള്ള ഭരണാനുമതിയും സർക്കാർ നിശ്ചയിച്ച തീയതിക്കുള്ളിൽ പൂർണ്ണമായി നൽകുന്നതാണ്. സാധാരണഗതിയിലുള്ള കരാർ നടപടികൾ ഒഴിവാക്കിക്കൊണ്ട് ഷോർട്ട് ടെണ്ടർ വിളിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഒരു മാസത്തിനുള്ളിൽ സംസ്ഥാനത്തുടനീളമുള്ള പി.ഡബ്ളിയു.ഡി. റോഡുകളുടെ ഓർഡിനറി റിപ്പയറിംഗ് പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കുന്നതാണ്. നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുത്ത പാലക്കാട് റോഡിന്റെ റിപ്പയറിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. നാഷണൽ ഹൈവേകളിലെ ബാക്കി റിപ്പയറിംഗ്

ജോലികൾക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഹെവി മെയിന്റനൻസിന് 150 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു: സംസ്ഥാനത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ വസ്തുതാവിരുദ്ധമാണ്. എം.സി.റോഡിന്റെ പണി കെ.എസ്.ടി.പി. നിർത്തിവച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴിമതി നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കേണ്ടത് ഈ ഗവ ൺമെന്റാണ്. സംസ്ഥാനത്തെ റോഡുകൾ ഇത്രയും ശോച്യാവസ്ഥയിലായത് ഇത്തവണ പ്രീ-മൺസൂൺ മെയിന്റനൻസ് നടത്താത്തിന്റെ ഫലമായിട്ടാണ്. തൃശൂർ-പാലക്കാട്, കണ്ണൂർ- കാസർകോഡ്, തലശ്ശേരി-മൈസൂർ, വയനാട് തുടങ്ങിയ നാഷണൽ ഹൈവേകളെല്ലാം തകർന്ന് തരിപ്പണമായിരിക്കു കയാണ്. ആഗസ്റ്റ് 31-നകം റോഡുകൾ റിപ്പയർ ചെയ്യുമെന്ന് ഗവൺമെന്റ് ഹൈക്കോടതിയിൽ ഉറപ്പുനൽകിയിട്ടും യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ. മുന്നോട്ടുവച്ച നിർദ്ദേശം കേരളാ ഗവൺമെന്റ് അംഗീകരിക്കാത്ത സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തണം. റോഡുകളുടെ ദു:സ്ഥിതിക്ക് പരിഹാരം കാണാൻ കഴിയാത്ത ഗൗരവമായ ഈ അവസ്ഥ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 110.5 കോടി രൂപയ്ക്ക് പുതുതായി ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി റോഡുകളുടെ കാര്യത്തിൽ എവിടെയൊക്കെ റിപ്പയർ വേണമെന്നു നോക്കി ആവശ്യമായ ഭരണാനുമതി അടുത്ത മൂന്ന് ദിവസത്തിനുള്ളിൽ കൊടുത്ത്

ഒരാഴ്ചയ്ക്കുള്ളിൽ കരാർ ഉറപ്പിക്കുന്നതാണ്. സംസ്ഥാനത്തെ പി.ഡബ്ളിയു. ഡി. റോഡുകളുടെ ഓർഡിനറി റിപ്പയർ ഒരു മാസത്തിനുള്ളിൽ തീർക്കുന്നതാണ്. 60 കോടി രൂപയുടെ പ്രീ മൺസൂൺ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുമ്പോൾ പാലിക്കേണ്ട ചട്ടങ്ങളും പണം ചെലവഴിക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട് മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് സംസ്ഥാനത്ത് ഏതാണ്ട് 500 കോടി രൂപയുടെ വർക്കുകളാണ് ക്രമരഹിതമായി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ റോഡിനുവേണ്ടി മുടക്കുന്ന പണം ചോർന്നുപോകുന്നത് തടഞ്ഞാൽ മാത്രമേ സംസ്ഥാനത്തെ റോഡുകൾ സുസ്ഥിരമായി സഞ്ചാരയോഗ്യമാക്കി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. എം.സി. റോഡിന്റെ പണി പൂർത്തീകരിക്കാൻ കരാറുകാരുമായി വീണ്ടും ചർച്ച നടത്താനും ധാരണയിലെത്തിയില്ലെങ്കിൽ പ്രീക്വാളിഫിക്കേഷൻ നിബന്ധനകളിൽ അയവുവരുത്തി പല റീച്ചുകളായി തിരിച്ച് നാട്ടിലെ കോൺട്രാക്ടർമാർക്ക് ടെണ്ടർ നടപടികളിലേർപ്പെടാനും അവസരം നൽകുന്നതാണ്. ഈ കാലയളവിൽ അടിയന്തിരമായി എം.സി. റോഡിന്റെ റിപ്പെയറിംഗ് വർക്ക് അറേഞ്ച് ചെയ്ത് തീർക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേയുടെ റിപ്പെയറിംഗിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തെ റോഡുകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മുൻഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി.യിൽ വർക്കുകൾ നൽകുന്ന കാര്യത്തിൽ ചട്ടവിരുദ്ധമായി

എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അത് ഈ ഗവൺമെന്റിന് അന്വേഷിക്കാവുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 16 മാസമായെങ്കിലും റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രീ-മൺസൂൺ റിപ്പെയർ നടത്തിയിരുന്നുവെങ്കിൽ റോഡുകൾ ഇത്രയും മോശമാകുമായിരുന്നില്ല. മുൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതല്ലാതെ ഇക്കാര്യത്തിൽ പ്രായോഗികമായ ഒരു സമീപനവും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആഗസ്റ്റ് 31-നുമുമ്പ് റോഡുകൾ സഞ്ചാരയോഗ്യമാക്കുമെന്ന് പി.ഡബ്ല്യു.ഡി.ക്കുവേണ്ടി ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിട്ടുപോലും ഇതുവരെ യാതൊരു വർക്കും നടത്തിയിട്ടില്ല. കരാറുകാരുടെ ന്യായമായ ക്ലെയിം അനുവദിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ തെറ്റായ സമീപനംമൂലമാണ് റോഡിന്റെ സ്ഥിതി ഇത്രയും മോശമായതെന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അംഗങ്ങൾ കുറ്റപ്പെടുത്തിയിട്ടുള്ളതാണ്. ടെണ്ടർ കൂടാതെ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തോടെ ഇപ്പോൾ 223 ലക്ഷം രൂപയുടെ വർക്ക് കൊടുക്കാൻ തീരുമാനിച്ചതിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം.

ഡോ. തോമസ് ഐസക്: പി.ഡബ്ല്യു.ഡി. എ.എസ്. കമ്മിറ്റി കൂടി ചർച്ച ചെയ്ത് ടെണ്ടർ കൊടുക്കാതെ വർക്ക് അനുവദിക്കുന്നതിന് പി.ഡബ്ല്യു.ഡി. മാനുവലിൽ വ്യവസ്ഥയുണ്ട്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഐ.എസ്.ആർ.ഒ. ഭൂമി ഇടപാടിനെ സംബന്ധിച്ച് വനംവകുപ്പ് പറയുന്നതാണോ പ്രതിപക്ഷനേതാവ് പറയുന്നതാണോ ശരിയെന്ന് പരിശോധിച്ച് 6-9-2007-ലെ ഉന്നതതല കോൺഫറൻസിൽ ചർച്ച ചെയ്തതിനുശേഷം സഭയിൽ പ്രസ്താവന

നടത്താമെന്ന് മുഖ്യമന്ത്രി 4-9-2007-ന് ഉറപ്പ് തന്നിരുന്നു. അതുസംബന്ധിച്ച് ഗവൺമെന്റ് നിലപാട് എന്താണെന്നുള്ളത് അറിയണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇതുസംബന്ധിച്ച് ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടി സഭയിൽ പ്രസ്താവന നടത്താമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നുവെങ്കിലും കഴിഞ്ഞ ദിവസം അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്ന് സഭ സ്തംഭനത്തിലായതിനാൽ പ്രസ്താവന നടത്താൻ കഴിഞ്ഞില്ല. സേലം ഡിവിഷനുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി ഡൽഹിയിൽ പോയ മുഖ്യമന്ത്രി നാളെ സഭയിൽ എത്തിയതിനുശേഷം ഇതുസംബന്ധിച്ച പ്രസ്താവന നടത്തുന്നതാണ്.

**ശ്രദ്ധക്ഷണിക്കൽ**

(1) കാര്യക്ഷമതാവർഷ പരിപാടിയുടെ നടത്തിപ്പിൽ ഉളവായിരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. പി.സി. വിഷ്ണുനാഥ്: ഇത്തവണ കാര്യക്ഷമതാ വർഷമായി ആചരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചെങ്കിലും ഒരു ടേം കഴിഞ്ഞിട്ടും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല. 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ പെൺകുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും സൗജന്യമായി കൊടുക്കുന്ന പാഠപുസ്തകവും ഇതുവരെ എത്തിയിട്ടില്ല. ഓണംകഴിഞ്ഞാൽ ഉടനെ പാഠപുസ്തകമെത്തുമെന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. 100 മാതൃകാ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ഈ വർഷം മുതൽ പാഠപുസ്തകത്തിനുപകരം കാർഡ് സിസ്റ്റം ഏർപ്പെടുത്തിയെങ്കിലും 80%

സ്കൂളുകളിലും ഈ കാർഡ് എത്തിയിട്ടില്ല. അതുകൊണ്ട് ജൂണിൽ കൊടുത്ത സിലബസിന് വിപരീതമായിട്ടാണ് അവിടെ പരീക്ഷ നടത്തിയിരിക്കുന്നത്. കാര്യക്ഷമതാ വർഷത്തിന്റെ ഭാഗമായി 200 സാധ്യതാ ദിവസങ്ങളിലായി 1000 മണിക്കൂർ പഠിപ്പിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും പഞ്ചായത്ത് എഡ്യൂക്കേഷൻ കൗൺസിൽ, ക്ലസ്റ്റർ മീറ്റിംഗ് എന്നീ പേരുകളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ 500 അധ്യാപകർക്ക് ക്ലാസ് എടുക്കുന്നതുമൂലം സ്കൂൾ പ്രവൃത്തി ദിവസങ്ങൾ നഷ്ടമാകുന്നു. അതുപോലെ 6-ാമത്തെ പ്രവൃത്തി ദിവസം ക്ലസ്റ്റർ മീറ്റിംഗ് വയ്ക്കുന്നതുമൂലമുള്ള പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പാഠപുസ്തകങ്ങൾ എത്തിച്ച് പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഓണം അവധി കഴിഞ്ഞ് പാഠപുസ്തങ്ങൾ പൂർണ്ണമായും ലഭ്യമാകുമെന്ന ഉറപ്പ് പാലിച്ചിട്ടില്ലെന്നുള്ളതും പെൺകുട്ടികൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുമുള്ള സൗജന്യ പാഠപുസ്തകങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോ എന്നുള്ളതും ഗവണ്മെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. സൗജന്യ പാഠപുസ്തകം ആവശ്യമില്ലാത്തവരുടെ കാര്യത്തിൽ അതിനുവേണ്ടി വിനിയോഗിക്കുന്ന തുക ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻവേണ്ടി ഉപയോഗിക്കുന്ന കാര്യവും ചർച്ച ചെയ്യുന്നതാണ്. സർവ്വശിഷാ അഭിയാൻ നടപ്പാക്കുമ്പോൾ കേരളത്തിന്റെ സവിശേഷതകൾ കൂടി കണക്കിലെടുത്ത് സാധ്യമായ ചില മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ വികസിപ്പിച്ചെടുത്ത പഠനബോധന

പദ്ധതികൾ നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ക്ലസ്റ്റർ യോഗങ്ങൾ ത്രിതല പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ പ്രഭാഷണവേദിയായി മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഠനപ്രക്രിയ എങ്ങനെ ഫലപ്രദമാക്കാമെന്നുള്ളത് വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി അധ്യാപകരുമായി ചർച്ച ചെയ്യുന്നതാണ്. അധ്യാപക പരിശീലന കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കുന്നില്ലെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും ഒരു ശനിയാഴ്ച ദിവസം കൂടി പ്രവൃത്തി ദിവസമാക്കി അധ്യാപക പരിശീലനത്തിന് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്. എന്നാൽ ചില സംഘടനകൾ അത് 6-ാമത്തെ പ്രവൃത്തിദിവസമാകരുതെന്ന് പറഞ്ഞിരുന്നത് കണക്കിലെടുത്ത് അത് കഴിയുന്നത്ര ഒഴിവാക്കാൻ നോക്കുന്നതാണ്. പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന് ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. പ്രവൃത്തി ദിവസങ്ങളിൽ സ്കൂളുകളിൽ പരമാവധി മേളകൾ ഒഴിവാക്കി സാധ്യതാ ദിവസങ്ങളാക്കാൻ ശ്രമിക്കുന്നതാണ്.

(2) <u>സൂനാമി പുനരധിവാസ പദ്ധതി തുക പ്രയോജനപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. സി.എം. ദിനേശ് മണി:</u> 2004 ഡിസംബർ 26-നുണ്ടായ സൂനാമിയെ തുടർന്ന് കേരളത്തിലെ 30 ശതമാനത്തോളം ജനങ്ങൾ താമസിക്കുന്ന തീരപ്രദേശങ്ങൾ ആകെ അതിഗുരുതരമായ സ്ഥിതിവിശേഷത്തെ നേരിടുകയാണ്. 1441.75 കോടി രൂപയുടെ ധനസഹായത്തോടുകൂടി സൂനാമി പുനരധിവാസ പദ്ധതി

ആവിഷ്ക്കരിച്ചെങ്കിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് അതു നടപ്പിലാക്കാൻ കഴിഞ്ഞില്ല. 2006 നവംബർ 14-ാം തീയതി കൂടിയ യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് തീരദേശ എം.എൽ.എ. മാരടക്കമുള്ളവർ സൂനാമി പുനരധിവാസ പദ്ധതിയെ സംബന്ധിച്ച് പുനരഭിപ്രായം സമർപ്പിക്കുയും മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, റവന്യൂ വകുപ്പു സെക്രട്ടറി എന്നിവർ ചെയർമാൻമാരായി മൂന്ന് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും, മൽസ്യബന്ധനവും ഉപജീവനവും, തുറമുഖവും ജെട്ടിയും റോഡുകളും പാലങ്ങളും, സാമൂഹ്യക്ഷേമവും അടിസ്ഥാന വികസനവും, വൈദ്യുതിയും ജലവിതരണവും മലിനജല സംരക്ഷണവും പരിസ്ഥിതിയും തീരദേശ സംരക്ഷണവും. വിനോദ സഞ്ചാരമേഖല തുടങ്ങി വിവിധ മേഖലകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം നീക്കിവയ്ക്കുകയും ചെയ്തു. സൂനാമി വന്നതിനുശേഷമുള്ള തീരപ്രദേശങ്ങളിലെ ജനങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി തീരവനം പദ്ധതി, ഇൻഷ്വറൻസ് പദ്ധതി സൂനാമിമൂലം ആളുകൾ മരണപ്പെട്ട പഞ്ചായത്തുകൾക്ക് പ്രത്യേക പാക്കേജ് തുടങ്ങിയവ പ്രഖ്യാപിച്ചു. സൂനാമിബാധിതരായ തീരദേശവാസികളുടെയും മൽസ്യത്തൊഴിലാളികളുടെയും കഷ്ടപ്പാടുകൾ അകറ്റാൻ വേണ്ട സത്വര നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുനാമി ദുരന്തത്തെത്തുടർന്ന് കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്രവികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള സുനാമി പുനരധിവാസ പദ്ധതി കേരള സർക്കാർ ജാഗ്രതയോടെയും സമയബന്ധിതമായും ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. പാർപ്പിടം,

ജീവനോപാധി, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം, തീരദേശ സംരക്ഷണം എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതി 2009 സെപ്റ്റംബറിൽ പൂർത്തീകരിക്കും. പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതോടെ തീരദേശ മേഖലയിലെ 9 ജില്ലകളിലെ ഏകദേശം 80 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. 1441.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. കൂടാതെ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പ്രത്യേക പദ്ധതി പ്രകാരം സുനാമി ദുരന്തത്തിൽ രക്ഷകർത്താക്കളിൽ ഒരാൾ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായി 51000 രൂപ ധനസഹായം, അർഹരായ 20000–ലധികം വിദ്യാർത്ഥികൾക്ക് പത്താം തരം വരെ പ്രതിമാസം 300 രൂപ സ്കോളർഷിപ്പ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 133898 കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ, സുനാമി ബാധിത പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവയും ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ഈ സാമ്പത്തിക വർഷം ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കേന്ദ്ര സഹായമായി പ്രഖ്യാപിച്ചിട്ടുള്ള 1188 കോടി രൂപയിൽ 1000 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞു. ഈ വർഷത്തെ ആദ്യ ഗഡുവായ 68 കോടി രൂപ ആസൂത്രണ കമ്മീഷൻ അനുവദിച്ചുകഴിഞ്ഞു. 265 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി. 151 കോടി രൂപയുടെ പദ്ധതികൾക്ക് കരാർ നൽകി നടപ്പാക്കിവരുന്നു. കുട്ടികളുടെ സ്കോളർഷിപ്പ്, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ എന്നിവയ്ക്കായി 14 കോടി രൂപ ബന്ധപ്പെട്ട ജില്ലകൾക്ക് കൈമാറിക്കഴിഞ്ഞു. ചെന്നൈയിലെ ഐ.ഐ.ടി.

മുഖേന തീരദേശ സംരക്ഷണത്തിനുള്ള പഠനം പൂർത്തിയാക്കി. പുനരധിവാസത്തിന് ആവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഏറ്റെടുക്കാൻ തീരുമാനിച്ചു. പദ്ധതി നിർവ്വഹണത്തിലെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിനായി "തേർഡ് പാർട്ടി ക്വാളിറ്റി ഓഡിറ്റ്" സമ്പ്രദായം ആവിഷ്ക്കരിച്ചു. പദ്ധതിയുടെ ഏകോപനത്തിനും ഫലപ്രദമായ നടത്തിപ്പിനും വേണ്ടി റവന്യൂ വകുപ്പിന് കീഴിൽ സുനാമി പുനരധിവാസ സെൽ പ്രവർത്തിക്കുന്നുണ്ട്.. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല സമിതിയും 8 മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഉന്നതാധികാര സമിതിയും പദ്ധതിയുടെ പുരോഗതി നിരന്തരമായി അവലോകനം ചെയ്തുവരുന്നു. സമയബന്ധിതമായും സുതാര്യമായും കാര്യക്ഷമമായും സുനാമി പുനരധിവാസ പദ്ധതി പൂർത്തിയാക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തീരസംരക്ഷണത്തിനും തീരദേശത്തെ ജനങ്ങളുടെ സംരക്ഷണത്തിനും ഈ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തും.

## സബ്മിഷൻ

### (1) <u>പകർച്ചവ്യാധികളെക്കുറിച്ച് പഠനം</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യ രംഗത്തേയും സർക്കാർ ഇടപെടൽമൂലം ആരോഗ്യ രംഗത്ത് കേരളം ലോകത്തിനു മാതൃകയായി മാറിയെങ്കിലും മരുന്നുകളുടെ അമിത ഉപയോഗം കാരണം പല തരത്തിലുള്ള മാരകമായ വൈറൽ ആന്റി ബോഡികൾ മനുഷ്യ ശരീരത്തിൽ സൃഷ്ടിക്കപ്പെടുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ കണ്ടെത്തി വിദഗ്ദ്ധരേയും

സാമൂഹ്യ പ്രവർത്തകരേയും ആരോഗ്യ പ്രവർത്തകരേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാനും അതു സംബന്ധിച്ച് പഠനം നടത്താനുമുള്ള സംവിധാനമുണ്ടാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> വൈറൽ പനി, ചിക്കുൻ ഗുനിയ, ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിനു സംസ്ഥാന തലത്തിലും ദേശീയ തലത്തിലും വിപുലമായ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതു സംബന്ധിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനകീയാരോഗ്യ പ്രവർത്തകരേയും ആരോഗ്യ രംഗത്തെ വിദഗ്ദ്ധരേയും ഉൾപ്പെടുത്തിക്കൊണ്ട് പകർച്ചവ്യാധികളെക്കുറിച്ച് പഠിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ഹാരിസൺ മലയാളം പ്ലാന്റേഷൻ വക ഭൂമിയിലെ കുടിൽ കെട്ടൽ</u>

<u>ശ്രീ. അടൂർ പ്രകാശ്:</u> ഹാരിസൺ മലയാളം പ്ലാന്റേഷൻ വക ഭൂമിയിൽ കഴിഞ്ഞ ഒരു മാസക്കാലമായി സാധുജന സംയുക്ത വിമോചന സമരസമിതിയുടെ നേതൃത്വത്തിൽ കുടിൽ കെട്ടി താമിക്കുന്ന അയ്യായിരത്തോളം വരുന്ന ആളുകളുടെ ആവശ്യം അഞ്ചേക്കർ ഭൂമിയും 50,000 രൂപയും തൊഴിലും ലഭ്യമാക്കണമെന്നുള്ളതാണ്. അടിയന്തിരമായും ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. ഹാരിസൺ മലയാളം പ്ലാന്റേഷനിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്താനും ആ പ്രദേശത്തെ ക്രമസമാധന നില ഉറപ്പുവരുത്താനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സൗജന്യമായി 5 ഏക്കർ ഭൂമി പതിച്ചു നൽകുക, ഒരു അംഗത്തിന് സർക്കാർ ജോലി നൽകുക, പീഡനങ്ങളിൽ നിന്നും സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സാധുജന സംയുക്ത വിമോചന സമിതിയുടെ നേതൃത്വത്തിൽ 2005 ആഗസ്റ്റിൽ പത്തനംതിട്ട മിനി സിവിൽ സ്റ്റേഷന് മുന്നിൽ സത്യാഗ്രഹം ആരംഭിക്കുകയുണ്ടായി. ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അന്നത്തെ മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സത്യാഗ്രഹം അവസാനിപ്പിക്കുകയും അതിനുശേഷം 2006 ജൂണിൽ പത്തനംതിട്ട ജില്ലയിലെ ളാഹ എസ്റ്റേറ്റ്, അരുവാപ്പാലം, വടശ്ശേരിക്കര, ചെങ്ങറ, കോന്നി , കൊടുമൺ, ചന്ദനപ്പള്ളി എന്നിവടിങ്ങളിൽ കുടിൽ കെട്ടി താമസം തുടങ്ങുകയും ചെയ്തു.. ഇതിനെത്തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം എ.ഡി.എം. ചന്ദനപ്പള്ളിയിലെ കയ്യേറ്റക്കാരുമായി ചർച്ചചെയ്ത് ധാരണയുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ 2006 സെപ്തംബറിൽ സമരക്കാരുമായി റവന്യു വകുപ്പുമന്ത്രി ചർച്ച നടത്തുകയും നിലവിലുള്ള നിയമപ്രകാരം ഭൂമി വിതരണം ചെയ്യുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.. ഇതിനെത്തുടർന്ന്, റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിൽ നായർ സർവീസ് സൊസൈറ്റിക്ക് പാട്ടത്തിന് നൽകിയ ഭൂമി പാട്ടം റദ്ദ് ചെയ്ത് പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സാധുജന സംയുക്ത വിമോചന സമിതിയുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ല എന്ന കാരണത്താൽ 2007 ആഗസ്റ്റ് മാസം 4-ാം തീയതി സമിതിയുടെ നേതൃത്വത്തിൽ ഹാരിസൺ മലയാളം

പ്ളാന്റേഷൻ വക ഭൂമിയിൽ കുടിൽ കെട്ടി താമസം തുടങ്ങി. 13-ാം തീയതി ജില്ലാ കളക്ടർ സമിതി ഭാരവാഹികളുമായി ചർച്ച നടത്തുകയുണ്ടായി. ഇതേ സമയം കൈയേറ്റക്കാരെ ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹാരിസൺ മലയാളം പ്ളാന്റേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു കേസ് ഫയൽ ചെയ്യുകയും കേസിൽ വിപരീത ഫലമുളവാക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ ശ്രമിക്കണമെന്ന് ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. രക്തച്ചൊരിച്ചിലോ ആളപായമോ കൂടാതെ ഇടക്കാല വിധി ഓണാവധിക്കുശേഷം ഒരുമാസത്തിനകം നടപ്പാക്കണമെന്ന് കോടതി അഭിപ്രായപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് സെപ്തംബർ 5-ന് സമിതി നേതാക്കളുമായി ജില്ലാ ഭരണകൂടം ചർച്ച നടത്തുകയുണ്ടായി. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് ഭൂമി നൽകുന്നതിന് 1964-ലെ ലാന്റ് അസൈൻമെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്; ആകെ ഭൂമിയിൽ പത്ത് ശതമാനം വിമുക്ത ഭടൻമാർക്കായും 25 ശതമാനത്തിൽ കുറയാതെയുള്ള സ്ഥലം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായും മാറ്റിവയ്ക്കേണ്ടതുമാണ്. കൂടാതെ റൂൾ 11 പ്രകാരമുള്ള അസ്സൈൻമെന്റ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സർക്കാർ ആവശ്യാനുസരണം സ്ഥലം റിസർവ്വ് ചെയ്യേണ്ടതുമാണ്. പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്. പ്രശ്ന സ്ഥലത്ത് ക്രമസമാധാന നില തകരാറിലാകാതിരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഉൾപ്പെടെ ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

## (3) കാറപകടത്തിലെ ദുരൂഹത

ശ്രീ. കെ. പി. മോഹനൻ: ആഗ്സ്റ്റ് 21-ന് ആലപ്പുഴയ്ക്കടുത്ത് ആറാട്ടുപുഴയിലുണ്ടായ അപകടത്തിൽ പരീക്ഷാഭവനിലെ ജീവനക്കാരനും ചമ്പാടു സ്വദേശിയുമായ മഹേന്ദ്രനും തിരുവനന്തപുരം സ്വദേശിയായ ജ്യോതിയും കൊല്ലം സ്വദേശിയായ രാജേഷും മരണമടഞ്ഞു. ഇവരുടെ മരണത്തിൽ ദുരൂഹതയുണ്ടെന്നു കാണിച്ച് മഹേന്ദ്രന്റെ സഹോദരൻ മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്. ഈ അപകടത്തിലെ ദുരൂഹത കണ്ടുപടിക്കാനും കുറ്റക്കാരെ ശിക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 21-8-2007-ന് വെളുപ്പിന് 5.10-ന് തിരുവനന്തപുരം-എറണാകുളം നാഷണൽ ഹൈവേയിൽ ആലപ്പുഴ ശവക്കോട്ട പാലം ജംഗ്ഷനു വടക്കുവശം പങ്കജ് തിയേറ്ററിനു സമീപം വച്ച് പരീക്ഷാഭവനിലെ ജീവനക്കാരനും ചമ്പാടു സ്വദേശിയുമായ മഹേന്ദ്രനും തിരുവനന്തപുരം സ്വദേശിയായ ജ്യോതിയും കൊല്ലം സ്വദേശിയായ രാജേഷും സഞ്ചരിച്ചിരുന്ന സാൻട്രോകാർ നിയന്ത്രണം വിട്ട് ലോറിയിൽ ഇടിക്കുകയും കാറിൽ യാത്ര ചെയ്തിരുന്നവർ മരണമടയുകയും ചെയ്തു. ആലപ്പുഴ ഈസ്റ്റ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. സംഭവത്തിലുള്ള ദുരൂഹത എന്താണെന്ന് കണ്ടുപിടിക്കാൻ ഒരു ഉന്നതതല അന്വേഷണം എറണാകുളം റെയിഞ്ച് ഐ.ജി-യെക്കൊണ്ട് നടത്തിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## (4) ചരക്ക് ഗതാഗതം

ശ്രീ. തോമസ് ചാഴികാടൻ: ട്രാഫിക് നിയമം ലംഘിച്ചുകൊണ്ട് യാത്രാ വാഹനങ്ങളിലും ചരക്ക് വാഹനങ്ങളിലും സാധനങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതുമൂലം നിരവധി അപകടങ്ങളും മരണങ്ങളും സംഭവിക്കുന്നുണ്ട്. മലപ്പുറത്ത് കഴിഞ്ഞ ദിവസം വൈദ്യുതി വകുപ്പിന്റെ ജീപ്പിനു മുകളിൽ കെട്ടിവച്ചിരുന്ന മുള തുളച്ചു കയറി ഒരു ബസ് യാത്രക്കാരൻ മരിച്ചു. ചരക്ക് വാഹനങ്ങളുടെ പ്ളാറ്റ്ഫോമിനേക്കാൾ നീളത്തിൽ കമ്പിയും പൈപ്പുകളും വച്ചുകൊണ്ട് പോകുന്നുണ്ട്. ട്രാഫിക് നിയമം ലംഘിക്കുന്നതുമൂലം ചരക്ക് വാഹനങ്ങളും യാത്രാവാഹനങ്ങളും കൊണ്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): അശ്രദ്ധമായ ഡ്രൈവിംഗ്, അമിത വേഗത, ചരക്കുവാഹനങ്ങളിൽ അമിതമായ ഭാരം കയറ്റി സാധനങ്ങൾ പുറത്തേയ്ക്ക് തള്ളിനിൽക്കുന്ന അവസ്ഥ തുടങ്ങിയവയാണ് പ്രധാനമായും അപകട കാരണങ്ങൾ. ഇതൊക്കെ തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് കർശന പരിശോധനകൾ നടത്തുന്നുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള ഗ്രോസ് വെയിറ്റിൽ കൂടുതൽ ചരക്കുകൾ കയറ്റാൻ പാടില്ലെന്നും അമിതഭാരം കയറ്റിപ്പോകുന്നതായി ബോദ്ധ്യപ്പെട്ടാൽ ഓഫ് ലോഡ് ചെയ്യണമെന്നും കോമ്പൗണ്ടിംഗ് ഫീ ഈടാക്കണമെന്നും മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്. ഓഫ് ലോഡിംഗിന് പ്രായോഗിക വൈഷമ്യങ്ങളുണ്ട്. ചെക്ക് പോസ്റ്റുകളിലുള്ള വേയ് ബ്രിഡ്ജ് പലപ്പോഴും കേടായിപ്പോകുന്ന അവസ്ഥയുണ്ട്. കമ്പ്യൂട്ടറൈസ്ഡ് വേയ് ബ്രിഡ്ജുകൾ എല്ലാ ചെക്ക്

പോസ്റ്റുകളിലും സ്ഥാപിച്ചുകഴിഞ്ഞാൽ അമിതമായി ഭാരം കയറ്റുന്നത് ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചരക്കുകൾ അനധികൃതമായി കയറ്റുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യാൻ മോട്ടോർ വാഹന ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഇപ്പോഴുള്ള പരിശോധന കൂടുതൽ .കർക്കശമാക്കാൻ നടപടികൾ സ്വീകരിക്കും.

(5) ചികിൽസാ സൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ.സി. മൊയ്തീൻ: തലപ്പള്ളി താലൂക്കിലെ വടക്കാഞ്ചേരി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റിക്കുള്ള സൗകര്യം ഏർപ്പെടുത്തുക, ഓപ്പറേഷൻ തിയേറ്റർ നവീകരിക്കുക, കിടക്കകളുടെ അപര്യാപ്തത പരിഹരിക്കുക, ആംബുലൻസ് ഓടിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാക്കുക, ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കി ചികിൽസാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വടക്കാഞ്ചേരി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള സിവിൽ സർജൻമാരുടേയും അസിസ്റ്റന്റ് സിവിൽ സർജൻമാരുടേയും തസ്തികകളിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർക്കു പുറമെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും ഉച്ച കഴിഞ്ഞുള്ള ഡ്യൂട്ടിക്ക് മറ്റൊരു ഡോക്ടറേയും താൽക്കാലികമായി ഇപ്പോൾ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള നഴ്സുമാർക്ക് പുറമെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി മൂന്ന്

നഴ്സുമാരേയും അധികമായി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. കാഷ്വാലിറ്റി യൂണിറ്റ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എം.ജി.പി-യുടെ സേവന പദ്ധതിയിൽപ്പെടുത്തി ഒ.പി ബ്ളോക്കിന്റേയും ഓഫീസ് വിഭാഗത്തിന്റേയും നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(6) <u>ബണ്ടുകൾ ബലപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി.എസ് സുനിൽ കുമാർ:</u> തൃശ്ശൂരിലെ പാടശേഖരങ്ങളിൽ ബണ്ടുകൾ തകർന്നതുമൂലം ഈ വർഷം കൃഷിയിറക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് തൃശ്ശൂർ ജില്ലയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> അതിരൂക്ഷമായ കാലവർഷക്കെടുതിമൂലം കോൾ നിലങ്ങളിലെ ബണ്ടുകൾ തകർന്നുപോയിട്ടുണ്ട്. ബണ്ടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് ഗവൺമെന്റ് ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ അടിയന്തിര സഹായം അനുവദിച്ചു. ആലപ്പുഴ, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിലെ ജനപ്രതിനിധികളുടേയും പാടശേഖരസമിതികളുടേയും കാർഷിക മേഖലയിലെ സംഘടനാ പ്രതിനിധികളുടേയും യോഗം വിളിച്ച് അടിയന്തിരമായി ബണ്ടുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കണമെന്നും ഫണ്ട് ദുരുപയോഗം ചെയ്യരുതെന്നുമുള്ള നിർദ്ദേശം കൃഷി ആഫീസർമാർക്ക്

നൽകിയിട്ടുണ്ട്. ജില്ലാ കൃഷി ആഫീസർമാരുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## (7) <u>നേതാക്കൻമാരുടെ നേരെയുണ്ടായ ആക്രമണം</u>

<u>ശ്രീ. എം. ഉമ്മർ:</u> മെഡിക്കൽ പ്രവേശന അലോട്ടുമെന്റിൽ സംവരണ തത്വം അട്ടിമറിച്ചതിനെതിരെ സമരം നടത്തിയ എം.എസ്.എഫ്. പ്രവർത്തകരെ മർദ്ദിക്കുകയും കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്യുകയും ചെയ്ത പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: തിരുവനന്തപുരത്ത് തമ്പാനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സിൽ പ്രവർത്തിക്കുന്ന എൻട്രൻസ് പരീക്ഷാ കമ്മീഷണർ ആഫീസിലേയ്ക്ക് 5-ാം തീയതി രാവിലെ 11.50-ന് ഒരു സംഘം എം.എസ്.എഫ്. പ്രവർത്തകർ അതിക്രമിച്ച് കടന്ന് ഓഫീസ് പ്രവർത്തനം തടസ്സപ്പെടുത്തി. പോലീസുകാർ ആവശ്യപ്പെട്ടിട്ടും പിരിഞ്ഞു പോകാത്തതിനാൽ അവരെ അറസ്റ്റ് ചെയ്തു നീക്കി; പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. അടുത്ത ദിവസവും ഇതുപോലെ ഒരു സംഘം വിദ്യാർത്ഥികൾ ഈ ഓഫീസിലേയ്ക്ക് അതിക്രമിച്ച് കടന്ന് പ്രശ്നങ്ങളുണ്ടാക്കുകയും ജീവനക്കാരെ കൈയ്യേറ്റം ചെയ്യുകയും ചെയ്തു. ഇതിന്റെ പേരിൽ 18 പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി പൊതുമുതൽ നശിപ്പിക്കുന്നത് ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

## (8) കള്ള് ചെത്ത് വ്യവസായവും തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ബാബു പോൾ: കേരളത്തിലെ കള്ളുചെത്തുവ്യവസായ രംഗത്ത് 45,000-ത്തോളം തൊഴിലാളികളുണ്ട്. ഏതാനും വർഷങ്ങളായി ഈ പരമ്പരാഗതമേഖല തകർച്ചയുടെ വക്കിലാണ്. തൊഴിലാളികളുടെ ജോലിസ്ഥിരതയ്ക്കും വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് എ.ഐ.ടി.യു.സി.യുടെ നേതൃത്വത്തിൽ ചെത്തുതൊഴിലാളി ഫെഡറേഷൻ 10-9-2007-ന് സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തുകയാണ്. വിദേശമദ്യവ്യാപനം കുറയ്ക്കുകയും കള്ളുഷാപ്പുകൾ വഴി ഗുണനിലവാരമുള്ള കള്ള് വിതരണം ചെയ്യുകയും വേണം. . ലൈസൻസ് നൽകുന്ന ഷാപ്പുകളിൽ ശുചിത്വ പരിപാലനം ഉറപ്പു വരുത്തണം. ഇവ പാലിക്കാത്ത ഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നിയമമുണ്ടാക്കണം. മധുരക്കള്ളിന്റെ നിർമ്മാണത്തിനും വിതരണത്തിനും പ്രത്യേക പ്രോൽസാഹനം നൽകണം. വിദേശ ടൂറിസ്റ്റുകൾക്ക് വിദേശമദ്യത്തിനുപകരം കേരളത്തിന്റെ വിശേഷപ്പെട്ട പാനീയമായ കള്ള് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. യൂ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറക്കുന്നതിന് നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ഇതിൽ പകുതിയോളം ഷാപ്പുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അടച്ചുപുട്ടിയ മുഴുവൻ ഷാപ്പുകളും തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കള്ളുഷാപ്പുകളെ ദൂരപരിധി നിബന്ധനയിൽ നിന്ന് ഒഴിവാക്കണം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കണം

ഐ.ആർ.സി.യുടെ പ്രവർത്തനം സജീവമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.ഗുരുദാസൻ):</u> 2007-08 സാമ്പത്തികവർഷത്തേയ്ക്കുള്ള മദ്യനയം തൊഴിലാളി നേതാക്കന്മാരും എക്സൈസ് കമ്മീഷണറും അടക്കമുള്ള വിദഗ്ദ്ധ കമ്മിറ്റി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. 2002-03 അബ്കാരി വർഷത്തിൽ മുൻസർക്കാർ അടച്ചുപൂട്ടിയ 1610 കള്ളുഷാപ്പുകൾ പുന:സ്ഥാപിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നത്തിന് കാരണമായിട്ടുള്ളത് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവുമാണ്. കള്ളുചെത്തുവ്യവസായം നേരിടുന്ന ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ വ്യാജമദ്യ ഉൽപ്പാദനത്തിനെതിരെ അതിശക്തമായ പരിശോധനയും നടപടികളും സ്വീകരിക്കുക മാത്രമേ കരണീയമായിട്ടുള്ളു. ഇക്കാര്യത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം അതുസംബന്ധിച്ച് പൊതുവായി ചർച്ച ചെയ്ത് അബ്ക്കാരി ആക്റ്റിൽ ഭേദഗതി വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ തീരുമാനം എടുക്കാവുന്നതാണ്. ഐ.ആർ.സി., മിനിമം വേജസ് കമ്മിറ്റി എന്നിവ രൂപീകരിച്ചുകഴിഞ്ഞു. തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരത, കൂലി തുടങ്ങിയവ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2 ജില്ലകളിലെ ഷാപ്പുകൾ മൊത്തമായി നടത്തുന്നത്

കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ്. 2 ജില്ലകളിൽ 3 റേഞ്ചുകൾ വീതമാണ് നടത്തുന്നത്. കൂടുതൽ ഷാപ്പുകൾക്ക് അവസരം നൽകണമെന്ന നയമാണ് സർക്കാരിനുള്ളത്. ഈ ഷാപ്പുകളെല്ലാം കൂടിച്ചേർന്ന് ഒരു അപ്പക്സ് ബോഡി രൂപീകരിച്ചാൽ മധുരക്കള്ള് ഉൽപ്പാദിപ്പിക്കുന്ന കാര്യവും വിപണനം നടത്തുന്ന കാര്യവും ആലോചിച്ച് നടപ്പിലാക്കാവുന്നതാണ്. കള്ളുഷാപ്പുകളിൽക്കൂടി ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(9) <u>ബസ് സ്റ്റാൻഡ് പരിസരത്തുകണ്ട സ്ഫോടകവസ്തു ശേഖരം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: തൃശ്ശൂർ ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡ് പരിസരത്തുനിന്ന് സ്ഫോടക വസ്തുക്കളുടെ വൻ ശേഖരം കണ്ടുകിട്ടിയ സംഭവവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിനായി അതിനുപിന്നിൽ പ്രവർത്തിച്ചവർ ആരാണ്; അതിന്റെ പ്രഭവസ്ഥാനമെവിടെയാണ് എന്നീ കാര്യങ്ങളെ സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എന്തൊക്കെ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ശക്തൻ തമ്പുരാൻ പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ 06-09-2007-ന് രാവിലെ 9.30-ന് സംശയാസ്പദമായി കണ്ടുകിട്ടിയ ക്യാരിബാഗ് ബോംബ് സ്ക്വാഡിന്റെ സഹായത്തോടുകൂടി പരിശോധന നടത്തിയപ്പോൾ ലോഹ നിർമ്മിതമായ 100 ഡിറ്റൊനേറ്ററുകൾ വീതമുള്ള കടലാസ് പെട്ടികൾ ന്യൂസ് പേപ്പറിൽ പൊതിഞ്ഞ നിലയിൽ കാണപ്പെട്ടു. ഈ സംഭവത്തോടനുബന്ധിച്ച്

ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. സ്ഫോടക വസ്തുക്കൾ കൊണ്ടുവന്നവരുടെ ഉദ്ദേശവും ഉറവിടവും കണ്ടുപിടിക്കുന്നതിനും തൃശ്ശൂർ ജില്ലയിൽ സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിന് ലൈസൻസ് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ അനധികൃത സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണയായി കരിങ്കൽ ക്വാറികളിൽ പാറപൊട്ടിക്കുന്നതിന് ഉപയോഗിക്കുന്ന ഈ സ്ഫോടക വസ്തുക്കൾ ഏത് സാഹചര്യത്തിലാണ് ബസ് സ്റ്റാൻഡിൽ എത്തപ്പെട്ടത് എന്നതു സംബന്ധിച്ചും ഉന്നതതലത്തിൽ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## (10) കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഭാഷാ സ്നേഹികളിലും ഭാഷാ അധ്യാപകരിലും ആശങ്ക ഉണ്ടാക്കുന്ന തരത്തിലാണ് കേരളപാഠ്യ പദ്ധതി ചട്ടക്കൂട് 2007-ന്റെ കരട് സമീപന രേഖ കൊണ്ടുവന്നിട്ടുള്ളത്. കരിക്കുലം കമ്മിറ്റിയിൽ അറബി ഭാഷാ അധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തുക, അറബി ഭാഷാ സ്പെഷ്യൽ ഓഫീസറുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തിക നികത്തുക, ഭാഷാ അധ്യാപകരെ ഹെഡ്മാസ്റ്റർമാരായി പ്രൊമോട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, റീജിയണൽ അറബി ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുക, ദേശീയ-അന്തർദേശിയ തലത്തിൽ ഏറെ തൊഴിൽ സാഹചര്യമുണ്ടാക്കുന്ന ഈ ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ സ്വീകരിക്കുക, ലോവർ പ്രൈമറി

മുതൽ ഹയർ സെക്കണ്ടറിവരെ ഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങൾ നടപ്പാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) അറബി, ഉറുദു ഉൾപ്പെടെയുള്ള ഭാഷകൾ സ്കൂൾ വിദ്യാഭ്യാസ തലത്തിൽ നന്നായി പഠിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ടാണ് പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അറബി, ഉറുദു ഭാഷാപഠനത്തിനുള്ള അവസരം ഒരു തരത്തിലും കുറയ്ക്കുകയില്ലെന്ന് ഉറപ്പുനൽകുകയാണ്. എന്നാൽ അതോടൊപ്പം മലയാള ഭാഷാ പഠനം അവഗണിക്കാൻ പാടില്ല എന്ന കാര്യത്തിനും ഊന്നൽ കൊടുക്കേണ്ടതുണ്ട്. യോഗ്യതയുള്ള ആളെ കണ്ടെത്തുന്ന മുറയ്ക്ക് അറബി സ്പെഷ്യൽ ഓഫീസർ തസ്തികയും റീജിയണൽ അറബി ഇൻസ്പെക്ടർമാരുടെ തസ്തികയും നികത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. കരിക്കുലം കമ്മിറ്റിയിൽ അറബി ഭാഷാ പണ്ഡിതരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിനേയും 2007-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) :

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: 26 ബില്ലുകൾ 7 ദിവസംകൊണ്ട് ഉച്ചയ്ക്കുശേഷം ഒന്നര മണിവരെയുള്ള സമയത്തിനുള്ളിൽ പാസ്സാക്കിയെടുക്കണമെന്ന് പറഞ്ഞാൽ ആ ബില്ലിലെ വ്യവസ്ഥകൾ സഭയിൽ ചർച്ച ചെയ്യാനുള്ള അംഗങ്ങളുടെ ജനാധിപത്യപരമായ അവകാശത്തെ നിഷേധിക്കലാണ്; ഇത് ജനാധിപത്യ ധ്വംസനമാണ്. ബില്ലുകൾ കുറ്റമറ്റതാക്കുന്നതിന് പ്രതിപക്ഷത്തിന് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനുള്ള  സമയം കണ്ടെത്തണം. അതിലേയ്ക്കായി ഈ റിപ്പോർട്ട്  വീണ്ടും പരിഗണിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : നിയമനിർമ്മാണത്തിനുവേണ്ടി മാത്രമാണ് ഇപ്പോൾ സഭ കൂടുന്നത്. ജനാധിപത്യം സംരക്ഷിക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ  ഏറ്റവും പ്രധാനപ്പെട്ട കടമ. നിയമസഭ സമ്മേളിക്കാതിരിക്കുന്ന സമയത്ത് മാത്രമാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. ജനാധിപത്യത്തെ സംരക്ഷിക്കാൻ കാലവിളംബം ഉണ്ടായിക്കൂടാ എന്നുള്ളതുകൊണ്ടാണ് അഞ്ചാറു തവണ ഇറക്കിയ ഓർഡിനൻസ് ഇപ്പോൾ നിയമമാക്കുന്നത്. ഇവിടെ 15 ഓർഡിനൻസ് റി-പ്ളെയ്സ് ചെയ്ത ബില്ലുകളും 5 പുതിയ ബില്ലുകളും ഉൾപ്പെടെ 20 ബില്ലുകളാണ് വരുന്നത്. ഇതിൽ പല ഓർഡിനൻസുകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നതാണ്. അംഗങ്ങൾ പരസ്പരം

സഹകരിച്ച് മുന്നോട്ടുപോകണം. ഈ റിപ്പോർട്ട് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സഭയിൽ പൊതുവായ സമവായത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ലുകൾ ചർച്ച ചെയ്യുന്നത്. ഇപ്പോൾ പ്രത്യേക സാഹചര്യത്തിലാണ് സഭ സമ്മേളിച്ചത്. നിലവിലുള്ള ഓർഡിനൻസുകൾ നിയമമാക്കിമാറ്റണം. 15 ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ പാസ്സാക്കണം. സമയക്കുറവുണ്ടെങ്കിലും പാസ്സാക്കുന്നതിന് നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. എല്ലാപേരും സഹകരിച്ച് ഈ ബില്ലുകൾ പാസ്സാക്കിയെടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): ബില്ലുകൾ വിശദമായി ചർച്ച ചെയ്യാനുള്ള സമയം അനുവദിച്ചു കിട്ടണമെന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ചെയർ അതിനാവശ്യമായ സമയ ക്രമീകരണം ഉണ്ടാക്കണം.

## റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് 14-നെതിരെ 54 വോട്ടുകളോടെ സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 2007-ലെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി: 1986-ലെ പുത്തൻ ദേശീയ വിദ്യാഭ്യാസ നയത്തിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്ന ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

പ്രവർത്തനത്തിന്റെ ആസൂത്രണവും ഏകോപനവുമടങ്ങുന്ന സമിതി ആയാണ് നയരേഖയിൽ ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ 1988-ൽ ഇതിന്റെ രൂപീകരണത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. 1988-ൽ ആന്ധ്രാപ്രദേശിലാണ് ആദ്യമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നത്. 1992-ൽ തമിഴ്നാട്ടിലും 1994-ൽ വെസ്റ്റ് ബംഗാളിലും തുടർന്ന് മഹാരാഷ്ട്രയിലും ഉത്തർപ്രദേശിലും 2000-ത്തിൽ എക്സിക്യൂട്ടീവ് ഓർഡറിലൂടെ കേരളത്തിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതിന്റെ കാലാവധി നീട്ടിക്കൊടുത്തു. 2003-ലെ ഏകീകൃത യൂണിവേഴ്സിറ്റി ബില്ലിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിനെക്കുറിച്ചുള്ള ആശയമുണ്ടായിരുന്നു. ഇതിനുവേണ്ടി 2005-ൽ അന്നത്തെ സർക്കാർ കേരളത്തിലെ സർവ്വകലാശാലാ വൈസ്ചാൻസലർമാരേയും അക്കാഡമിക് ഔദ്യോഗിക തലത്തിലുള്ള പ്രമുഖ വ്യക്തികളെയും ഉൾപ്പെടുത്തി ഒരു ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിനും ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് സാമൂഹിക നീതി ഉറപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഈ നിയമനിർമ്മാണം നടത്തുന്നത്. ഇതിന് സഹായകമാകുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി ഡോ. കെ.എൻ. പണിക്കർ അദ്ധ്യക്ഷനാക്കി ഉന്നതവിദ്യാഭ്യാസ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷൻ കമ്മീഷന്റെ റിപ്പോർട്ട്, യു.ജി.സി. മാർഗ്ഗരേഖ, മറ്റ് സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ ഘടന എന്നിവയെല്ലാം കമ്മീഷൻ

വിശദമായി പഠിച്ച ശേഷമാണ് ഗവൺമെന്റ് കരട് നിയമം തയ്യാറാക്കിയിരിക്കുന്നത്. ദ്വിതല ഉന്നതവിദ്യാഭ്യാസ കൗൺസിലിനാണ് മുൻ ഗവൺമെന്റ് രൂപം കൊടുത്തതെങ്കിൽ ത്രിതല സംവിധാനത്തോടെയുള്ള കൗൺസിലാണ് ഈ ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. സർവ്വകലാശാല കൾ, ഗവേഷണ സ്ഥാപനങ്ങൾ, കലാലയങ്ങൾ എന്നിവ ഉൾപ്പെടെ സംസ്ഥാ നത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കുക, പ്രചരിപ്പിക്കുക, തുടങ്ങിയ ശുപാർശകൾ സമർപ്പിക്കുക എന്നതാണ് ഉപദേശക സമിതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും കലാലയങ്ങളിലും ഉന്നത പഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിന്റെ വികസനത്തിനും വ്യാപന ത്തിനും ഫണ്ടുകൾ സ്വരൂപിച്ച് പരമാവധി ഉപയോഗപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിൽ സാമൂഹ്യനീതിയും മികവും ലക്ഷ്യമാക്കിക്കൊണ്ട് അത്തര ത്തിലുള്ള പരിപാടികൾ ഏറ്റെടുത്ത് പ്രോൽസാഹിപ്പിക്കുന്നതിനും ഈ കൗൺസിലിനെ അധികാരപ്പെടുത്തുന്നതാണ്. വ്യാവസായിക-കാർഷിക-സാമ്പത്തിക-സാമൂഹ്യ-സാംസ്ക്കാരിക രംഗത്തെ പ്രമുഖർ ഉൾക്കൊള്ളുന്ന ഉപദേശകസമിതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ നിയമത്തിൽ പോരായ്മകളുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിലോ, സഭയിലോ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഒരു സാമൂഹ്യ ശാസ്ത്രജ്ഞനെ ഉൾക്കൊള്ളിക്കണമെന്ന അഭിപ്രായവും വന്നിട്ടു ണ്ട്. അതെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: "This House resolves to disapprove The Kerala State Higher Education Council Ordinance, 2007 (Ordinance No. 49 of 2007)" എന്ന നിരാകരണപ്രമേയം അവതരിപ്പിക്കുന്നു. ഈ ബിൽ നിയമമാകുന്നതോടുകൂടി സർവ്വകലാശാലകളുടെ സ്വയംഭരണത്തിന് അന്ത്യം കുറിക്കുകയാണ് ചെയ്യുന്നത്. യു.ജി.സി. സദുദ്ദേശത്തോടെ വിഭാവനംചെയ്ത ഉന്നതവിദ്യാഭ്യാസ കൗൺസിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുകയാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് ഏറ്റവും മെച്ചപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന രീതിയിലുള്ള ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു കരട് നിയമം കൊണ്ടുവന്നിരുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് കൗൺസിൽ രൂപീകരിക്കേണ്ടത്. ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം സിൻഡിക്കേറ്റ് യൂണിവേഴ്സിറ്റികളുടെമേൽ അധികാര കേന്ദ്രമായി മാറുന്നതാണ്. യു.ജി.സി. ഗൈഡ്‍ലൈനിന് വിരുദ്ധമായി, സംസ്ഥാനത്തെ മുഴുവൻ യൂണിവേഴ്സിറ്റിയുടേയും ആട്ടോണമി നശിപ്പിച്ചുകൊണ്ടുള്ള ഒരു ബില്ലാണിത്. ഈ ബിൽ പ്രകാരം സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടും ആക്ടുകളും ഭേദഗതി ചെയ്യാനും പ്രവേശനങ്ങളിലും നിയമനങ്ങളിലും കൈകടത്താനുമുള്ള അധികാരം നൽകുകയുമാണ്. കൂടാതെ പുതിയ കോഴ്സുകളും കോളേജുകളും അനുവദിക്കുന്നിടത്ത് ഇടപെടാനുള്ള അധികാരവും ഉന്നതാധികാര കൗൺസിലിന് കൊടുക്കുന്നുണ്ട്. ഉപദേശക സമിതിയിൽ ഇത്രയും അംഗങ്ങളുടെ ആവശ്യമെന്താണെന്ന് വ്യക്തമാക്കണം. സർവ്വകലാശാലകളുടെ ദൈനംദിന കാര്യങ്ങളിൽ അനാവശ്യമായി കൈകടത്താനുള്ള ഒരു

ശ്രമമാണ് ഈ ബില്ലിലൂടെ നടത്തുന്നത്. പ്രത്യേക ക്ഷണിതാക്കളായി കൗൺസിലിൽ അംഗമല്ലാത്ത ഏതൊരാളെയും യോഗങ്ങളിൽ പങ്കെടുക്കുന്നതിന് വിളിച്ചുവരുത്താനുള്ള അധികാരം വൈസ് ചെയർമാന് കൊടുത്തിരിക്കുകയാണ്. രജിസ്ട്രാർക്ക് അഡ്മിനിസ്ട്രേഷൻ കാര്യങ്ങളിൽ അധികാരം നൽകുന്നത് ഉദ്യോഗസ്ഥരുടെ ഇടയിൽ ഈഗോ വളർത്താൻ ഇടയാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. യു.ജി.സി ഗൈഡ്ലൈനിന് വിരുദ്ധമായി കൗൺസിലിൽ 3 സമിതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിന്റെ ആവശ്യമുണ്ടോ എന്ന് ആലോചിക്കണം. ഈ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ ഇടയാകും. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ കോളേജ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ലക്ഷ്യമാക്കി കൊണ്ടുവരുന്ന ഈ ബില്ലിൽ ഇത്രയധികം രാഷ്ട്രീയം കലർത്തേണ്ട ആവശ്യമില്ല. വിദ്യാഭ്യാസ മന്ത്രിമാർക്ക് അമിതാധികാരം കൊടുത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ തകർത്ത് തരിപ്പണമാക്കാനുള്ള ശ്രമം ഉപേക്ഷിക്കണം.

<u>ശ്രീ. ബി ബാബുപ്രസാദ്:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ രാഷ്ട്രീയമായും അക്കാഡമിക്കായും ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു ഹിഡൻ അജണ്ട ഈ ബില്ലിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. സർവ്വകലാശാലകളിൽ തങ്ങളുടെ ഇംഗിതത്തിനു വഴങ്ങാത്ത വൈസ് ചാൻസലർമാരെ വരുതിക്കു കൊണ്ടുവരാനുള്ള ജനാധിപത്യ വിരുദ്ധശ്രമങ്ങൾക്ക് ഈ ബില്ലിലൂടെ സഭയുടെ അനുമതി തേടാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. സർവ്വകലാശാലയുടെ നിയന്ത്രണവും അക്കാഡമിക്ക് അധികാരങ്ങളും കവർന്നെടുക്കാനുള്ള നിയമനിർമ്മാണത്തിനാണ് ഇവിടെ തുടക്കം

കുറിക്കുന്നത്. ബില്ലിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾക്ക് ഉദ്ദേശശുദ്ധി ഉണ്ടാവണം. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ രാഷ്ട്രീയ ലക്ഷ്യത്തോടെ തകർക്കാനുള്ള ശ്രമം ഒട്ടും ആശാസ്യമല്ല. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സംസ്ഥാനത്തെ മുഖ്യമന്ത്രി വെറും സന്ദർശകൻ മാത്രമായി മാറിയിരിക്കുന്നു. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിക്കുന്ന സുപ്രധാന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പോലും ഈ കൗൺസിൽ വർഷത്തിൽ ഒരു പ്രാവശ്യം മാത്ര മാണ് യോഗം കൂടുന്നത്. ദൈനംദിന ഭരണം മുന്നോട്ടുകൊണ്ടുപോകുന്ന തിന്റെ മറവിൽ കവർന്നെടുക്കുന്ന അധികാരങ്ങളുടെ പേരിൽ ഈ സമിതി യിൽ നാമനിർദ്ദേശം ചെയ്യാൻ പോകുന്നത് പാർട്ടിയുടെ ഭരണസമിതിയിലു ള്ളവരും മുന്നണി പ്രവർത്തകരും സ്തുതിപാഠകരുമായിരിക്കുമെന്നത് വളരെ ദു:ഖകരമാണ്. രാഷ്ട്രീയവൽക്കരിച്ച് സർവ്വകലാശാലകളുടെ അധികാരങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണ് ബില്ലിലൂടെ ഉണ്ടാകാൻ പോകുന്നത്. ഏകീകൃത സർവ്വകലാശാല നിയമത്തെ സസൂക്ഷ്മം പരിശോധിച്ച് അതിനെതിരെ പ്രസംഗിച്ചുനടന്നവർ ഇത്തരത്തിൽ ഒരു ബിൽ അവതരിപ്പിച്ചതിൽ ദു:ഖം ഉണ്ട്. വർഷങ്ങൾകൊണ്ട് രൂപപ്പെടുത്തി യെടുത്ത വിദ്യാഭ്യാസ പാരമ്പര്യത്തെ നശിപ്പിക്കുന്ന ഒരു സമീപനമാണ് വരാൻ പോകുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ജനാധിപത്യത്തിന്റെ പിൻബലത്തോടെ നിലനിർത്താൻ കഴിയണം. ദേശീയ വിദ്യാഭ്യാസ രംഗത്ത് മോണിറ്ററിംഗ് നടത്തിക്കൊണ്ടിരിക്കുന്ന ഏജൻസികളുടെ സഹായങ്ങളും അതിന്റെ ഗുണങ്ങളും അക്കാഡമിക് മേഖലയിൽ കിട്ടിക്കൊണ്ടിരിക്കുകയാ ണ്. നിക്ഷിപ്ത താല്പര്യക്കാരെ കുത്തിത്തിരുകുന്നതുമൂലം ഫണ്ട് വിനി യോഗിക്കുന്ന കാര്യത്തിൽ പൊരുത്തക്കേടുകളുണ്ടാവുകയും കിട്ടുന്ന

സഹായങ്ങൾ ഇല്ലാതാവുകയും ചെയ്യുന്ന ഒരവസ്ഥാവിശേഷത്തിലേയ്ക്ക് കാര്യങ്ങൾ ചെന്നെത്തും. സ്വയംഭരണസ്ഥാപനങ്ങൾ നിർവ്വഹിക്കുന്ന ഉത്തര വാദിത്തങ്ങൾ കവർന്നെടുക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസമേഖല അവതാളത്തിലാകാൻ പോവുകയാണ്. കേവലമൊരു വിദ്യാഭ്യാസ പരി ഷ്ക്കാരത്തിന്റെ പേരിൽ വിദ്യാഭ്യാസ സംസ്ക്കാരത്തെ ഇത്തരത്തിൽ തകർക്കാൻ ശ്രമിക്കരുത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യനീതിയും ഉറപ്പാക്കാൻ ലക്ഷ്യമിടുന്ന ഒരു ബില്ലാണിത്. വിപുലമായ ജനാധിപത്യ സ്വഭാവമുള്ള ഒരു ഉന്നതവിദ്യാഭ്യാസ കൗൺസിലിനാണ് ഈ ബില്ലിലൂടെ രൂപം കൊടുത്തിട്ടുള്ള ത്. കേരളത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പ്രൈവറ്റ് എയ്ഡഡ് സ്ഥാപ നങ്ങൾ, സർക്കാർ നിയന്ത്രിത സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങൾ, സ്വകാര്യ സെൽഫ് ഫൈനാൻസിംഗ് സ്ഥാപങ്ങൾ തുടങ്ങിയവയെ നിയന്ത്രി ക്കാൻ ഈ ബിൽ ഉപകരിക്കും. അക്കാഡമിക് രംഗത്തേയ്ക്കുള്ള വിദേശ സർവ്വകലാശാലകളുടെ കടന്നുവരവിനെ നിയന്ത്രിക്കാനും ഇത്തരം സ്ഥാപന ങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്താനുമുള്ള ഒരു സംവിധാനമായി ഈ ബിൽ മാറണം. യു.ഡി. എഫ്. സർക്കാരിന്റെ കാലത്ത് യാതൊരു മാനദണ്ഡവും നിശ്ചയിക്കാതെ അനുമതി കൊടുത്ത സ്വാശ്രയ കോളേജുകളുടെ പ്രവർത്ത നത്തെക്കുറിച്ച് പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ബില്ലിലൂടെ ഉണ്ടാ കണം. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന അക്കാഡമിക് സംരംഭ

ങ്ങളെക്കുറിച്ച് സമൂഹത്തിനും ഭരണകൂടത്തിനും കൃത്യമായ ധാരണയുണ്ടാകണം. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിലും സാക്ഷരതയുടെ കാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം അധികാരത്തിൽ വന്ന സമയത്തു മാത്രമാണ് എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസം കൊടുക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടായിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം പിറകോട്ടു പോകുന്നതിന്റെ കാരണം പരിശോധിച്ച് അതിനുള്ള പരിഹാരം കണ്ടെത്തണം. അഖിലേന്ത്യാ പരീക്ഷകളിൽ പിന്നോട്ടുപോകുന്നതിന്റെ കാരണം പരിശോധിക്കണം. വിദ്യാഭ്യാസയോഗ്യതയും ഗുണനിലവാരവും ഒരുമിച്ചുകൊണ്ടുപോകുന്ന തരത്തിലുള്ള വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കണം. അധ്യാപകനിലവാരം ഉയർത്തണം. കഴിവുറ്റ വിദ്യാർത്ഥികളെ ആകർഷിക്കുന്ന മികവുറ്റ സ്ഥാപനങ്ങളാക്കി സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയെടുക്കണം. പഠനവും ഗവേഷണവും പരസ്പര പൂരകമാക്കിക്കൊണ്ടുപോകാനും ഗവേഷണ സംരംഭങ്ങളെ സമൂഹവുമായി ജൈവബന്ധം ഉറപ്പു വരുത്താനും ഈ ബിൽ ഉപകരിക്കും. ഉന്നതവിദ്യാഭ്യാസ രംഗത്ത് മാതൃകാപരമായ അക്കാഡമിക് അന്തരീക്ഷം വളർത്തിയെടുക്കാനും പഠന പ്രക്രിയയിൽ ഗുണനിലവാരവും തുല്യതയും ഉറപ്പുവരുത്താനും സഹായകമായ സംവിധാനമാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ നിയമനിർമ്മാണങ്ങൾ കൊണ്ടുവരുമ്പോൾ അതിനെ അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി : ഉന്നത വിദ്യാഭ്യാസരംഗത്ത് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം നിശ്ചലാവസ്ഥയിലാണ്. ഈ രംഗത്ത് ഗുണകരമായ ഒരു മാറ്റം

ലക്ഷ്യമാക്കിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. സർവ്വകലാശാലകൾ വിജ്ഞാന ഉല്പാദന കേന്ദ്രങ്ങളായി മാറുന്നില്ല. അധ്യാപകർ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിക്കുന്നുണ്ടെന്നോ വിദ്യാർത്ഥികൾക്ക് ഭൗതിക ജിജ്ഞാസയുണ്ടെന്നോ പറയാൻ കഴിയില്ല. ഇതുസംബന്ധിച്ച് 1986 മുതൽ പുതിയ ആശയങ്ങൾ ചർച്ച ചെയ്യപ്പെടുകയും 1988-ൽ യു.ജി.സി. ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുമുണ്ടായി. അതിനുശേഷം പല സംസ്ഥാനങ്ങളും ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ രൂപീകരിച്ചെങ്കിലും കേരളത്തിൽ അത്തരത്തിലുള്ള ഒരു ചർച്ചയും നടന്നില്ല. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബിൽ പ്രകാരം കൗൺസിൽ രൂപീകരിക്കപ്പെടുമ്പോൾ സർവ്വകലാശാലകളുടെ അധികാരങ്ങൾ കവരുമെന്നുപറയുന്നത് ശരിയല്ല. മുൻ യു.ഡി.എഫ്. ഗവൺമെന്റ് . തയ്യാറാക്കിയ കരടുബില്ലിൽ ഉദ്യോഗസ്ഥ മേധാവിത്വമാണുണ്ടായിരുന്നത്. ഈ കൗൺസിലിൽ ഉദ്യോഗസ്ഥരും അധ്യാപകരും വിദ്യാർത്ഥികളും ഭരണപ്രതിനിധികളുമുണ്ട്. ഒരു അധികാരവും കവരാത്തതും ഉപദേശക നിലവാരത്തിലുള്ളതുമായ കൗൺസിലിന് രൂപം കൊടുക്കുന്നതുവഴി വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാക്കാൻ കഴിയും. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി സർവ്വകലാശാലകളുടെ സ്വയംഭരണം ഇല്ലാതാകുന്നില്ല. കൗൺസിൽ എടുക്കുന്ന തീരുമാനം ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിക്കണമെന്ന് നിർബന്ധമില്ല. സർവ്വകലാശാലകളിൽ 14 മുതൽ 24 വരെ സിൻഡിക്കേറ്റ് അംഗങ്ങളുള്ളതിൽ ഒരംഗം മാത്രമാണ് കൗൺസിൽ പ്രതിനിധിയായി പോകുന്നത്. ബിൽ പാസ്സായി കൗൺസിൽ നിലവിൽ വരുന്നതോടുകൂടി സർവ്വകലാശാലകളുടെ അധികാരം ഒന്നുകൂടി അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം പാസ്സാക്കിയ സ്വാശ്രയ ബില്ലിന്റെ അവസ്ഥതന്നെ ഈ ബില്ലിനുമുണ്ടാകുമെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. അതുസംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുകയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നതും പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകൾക്ക് പഠിക്കാൻ അവസരം ലഭിച്ചതും 1957-ൽ ഒന്നാം കേരള നിയമസഭയിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന ബില്ലിലൂടെയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ രണ്ടാമത്തെ സുപ്രധാന പരിഷ്ക്കരണ ബില്ലാണ് ഇത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിലെ ഒൻപതംഗ നിർവ്വാഹക സമിതിയിൽ നാല് പേർ ഉദ്യോഗസ്ഥരായിരുന്നു വെങ്കിൽ ഇതിൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി മാത്രമേ ഉദ്യോഗസ്ഥനായുള്ളൂ. ബാക്കിയുള്ളവർ അക്കാദമിക് രംഗത്തുള്ളവരാണ്. സർക്കാർ ഗവേണിംഗ് ബോഡിയിൽ 10 പേരുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 6 പേർ മാത്രമാണുള്ളത്. നേരത്തേ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളില്ലായിരുന്നു. ഇപ്പോൾ സർവ്വകലാശാലകളുടെ ചാൻസിലറായ ഗവർണ്ണറും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും വിദ്യാർത്ഥി പ്രതിനിധിയും ഉണ്ട്.

<u>ശ്രീ. വി.ഡി. സതീശൻ:</u> 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാനുള്ള ഒരു പ്രൊവിഷൻ കൊണ്ടുവന്നെങ്കിലും വിദ്യാഭ്യാസ വിചക്ഷണരും വിദ്യാഭ്യാസ മേഖലയിലെ

പ്രമുഖരും പൊതു സമൂഹവുമായി ചർച്ചയ്ക്കുവിധേയമാക്കിയതിനു ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുത്താൽ മതിയെന്നതിന്റെ അടിസ്ഥാനത്തിൽ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടുകയുണ്ടായി. അന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ അതിരൂക്ഷമായി വിമർശിച്ച ഇടതുപക്ഷ അംഗങ്ങളാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. യു.ജി.സി. നിർദ്ദേശമനുസരിച്ച് ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്താനാണ് യു.ഡി.എഫ്. ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത്. ജനാധിപത്യപരമായ രീതിയിലുള്ള ഒരു പരിശോധനയും നടത്താതെയാണ് ഓർഡിനൻസ് ഇറക്കിയതെന്ന കുറ്റസമ്മതം ഈ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നടത്തുകയുണ്ടായി. സഭ സമ്മേളിക്കാത്ത സമയത്ത് അടിയന്തിര സാഹചര്യം വരുമ്പോൾ മാത്രമേ ഓർഡിനൻസ് പ്രൊമുൽഗേറ്റ് ചെയ്യാൻ പാടുള്ളൂവെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ (213)-ൽ വ്യക്തമാക്കുന്നുണ്ട്. ആർട്ടിക്കിൾ 213-നെ ദുരുപയോഗം ചെയ്തുകൊണ്ട് സ്വന്തം പാർട്ടിയുടെ നോമിനികൾക്ക് സ്ഥാനമാനങ്ങൾ നൽകാൻ വേണ്ടി മാത്രമാണ് ഓർഡിനൻസിറക്കിയത്. സ്വാശ്രയ വിദ്യാഭ്യാസ ബില്ലിന്റെ അവസ്ഥ ഈ ബില്ലിനുണ്ടാകരുത്.. എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക സമുദായക്കാർക്കും ഭരണഘടനാപ്രകാരം സംവരണം നൽകണമെന്ന വ്യവസ്ഥ പ്രൊഫഷണൽ രംഗത്തെ സ്വാശ്രയ മാനേജ്മെന്റുകൾ ഇപ്പോൾ ലംഘിച്ചിരിക്കുകയാണ്. അവർക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കാൻവേണ്ടി ഓർഡിനൻസ് ഇറക്കുന്നതിനു ശ്രമിക്കാതെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള ഓർഡിനൻസ് ഇറക്കിയത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നിയമസഭ പാസ്സാക്കിയ നിയമങ്ങളെ മറികടക്കുന്ന നിയമനിർമ്മാണം നടത്താൻ

സഭയ്ക്ക് അധികാരമില്ല. നിയമസഭ പാസ്സാക്കിയ എല്ലാ സർവ്വകലാശാല നിയമങ്ങളിലും 'ചാൻസലർ' എന്നു പറയുന്നത് ഗവർണ്ണറാണ്. എന്നാൽ ചാൻസലർ എന്ന നിലയിൽ ഗവർണ്ണർക്ക് കൊടുത്തിരിക്കുന്ന പ്രത്യേകമായ അധികാരങ്ങളെല്ലാം ഈ നിയമം വഴി കവർന്നെടുത്തുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ കേവലം ഒരു രക്ഷാധികാരി എന്ന സ്ഥാനം മാത്രമാണ് ഗവർണ്ണർക്ക് കൊടുത്തിരിക്കുന്നത്. കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടാനും നിർദ്ദേശങ്ങൾ കൊടുക്കാനും കൗൺസിലിന്റെ യോഗത്തെ അഭിസംബോധന ചെയ്യാനും മാത്രമാണ് ഗവർണ്ണർക്ക് അധികാരം കൊടുത്തിരിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധമാണ്; നിയമപരമായി നിലനിൽക്കുന്നതല്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന ഒരു പ്രൊവിഷനും ഈ നിയമത്തിലില്ല. സ്വന്തം ഇഷ്ടക്കാർക്ക് സ്ഥാനം കണ്ടെത്താനായി ഉപദേശകസമിതി, ഭരണസമിതി, കാര്യനിർവ്വഹണസമിതി എന്നീ സമിതികൾ രൂപീകരിച്ചിരിക്കുകയാണ്. ഇതിൽ ഉപദേശകസമിതിയുടെ സ്ഥാനം സിൻഡിക്കേറ്റിനും സെനറ്റിനും മുകളിലാണ്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെയും രാജീവ്ഗാന്ധി ബയോ ടെക്നോളജി സെന്ററിന്റെയും വികസനകാര്യത്തിൽ നിഷേധാത്മക നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കോഴിക്കോട് സർവകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവയുടെ ഭരണത്തിൽ അനാവശ്യമായ ഇടപെടൽ നടത്തി അവിടത്തെ ഭരണം സ്തംഭിപ്പിച്ചിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഭരണ സമിതിയുടെ ചുമതലകളെക്കുറിച്ച് വളരെ വ്യക്തമായി ഈ നിയമത്തിൽ

പ്രതിപാദിക്കുന്നുണ്ട്. നയപരമായ തീരുമാനങ്ങളെടുക്കാനും അക്കാഡമിക് കാര്യങ്ങളിൽ ഇടപെടാനും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാനും റെഗുലേഷൻസ് ഉണ്ടാക്കാനും അധികാരം ഭരണസമിതിക്ക് നൽകിയതിലൂടെ സിൻഡിക്കേറ്റിനും സെനറ്റിനും നൽകിയിരുന്ന അധികാരങ്ങളെല്ലാം കവർന്നെടുക്കുകയാണ് ചെയ്തത്. സർവ്വകലാശാലകളുടെ ഭരണസമിതിക്കു കൊടുത്തിരുന്ന മുഴുവൻ അധികാരങ്ങളും ഈ മൂന്ന് ബോഡികൾക്കുമായി ഡിസ്ട്രിബ്യൂട്ടു ചെയ്തു കൊടുത്തിരിക്കുകയാണ്. സർവ്വകലാശാലാ വിദ്യാഭ്യാസം ക്വാളിറ്റേറ്റീവാക്കാനും റിസർച്ച് ഓറിയന്റഡാക്കാനും വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടു കൂടിയാണ് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്ത് സ്കൂൾ തലത്തിൽ പ്ലസ് ടു കൊണ്ടു വന്നത്. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രധാന ആക്ഷേപം യൂണിവേഴ്സിറ്റികളുടെ ഭരണസംവിധാനത്തിലെ രാഷ്ട്രീയ അതിപ്രസരത്തെ സംബന്ധിച്ചുള്ളതാണ്. സർവ്വീസ് സംഘടനകളുടെ നിയന്ത്രണത്തിലാണ് ഉന്നത വിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റികളും പ്രവർത്തിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കി അക്കാഡമിക്കായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും സിലബസ് പരിഷ്ക്കരണത്തെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യണം. ഒരു കോമൺ പ്രൊസീഡ്യുവർ ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. എല്ലാ സർവ്വകലാശാലകളിലും പരീക്ഷാ കലണ്ടർ ഉണ്ടാകണം. പരീക്ഷാ നടത്തിപ്പിലും കോഴ്സുകൾ നടത്തുന്നതിലും ഏകോപനമുണ്ടാകണം. സ്വയംഭരണാവകാശമുള്ള, സെപ്പറേറ്റ് എന്റിറ്റിയുള്ള, ക്വാളിറ്റേറ്റീവ് എഡ്യൂക്കേഷന് കൂടുതൽ പ്രാധാന്യം നൽകുന്ന പുതിയ കോഴ്സുകൾ, മറ്റു

സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് കൊണ്ടുവരണം. ഈ ബിൽ കേരളീയ പൊതുസമൂഹത്തിന്റെ ചർച്ചയ്ക്ക് വിധേയമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ചർച്ചയിൽ പങ്കെടുത്ത് വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകിയ എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. സ്വാശ്രയ ബില്ലിനുണ്ടായ അനുഭവവും ആന്ധ്ര നിയമസഭയിൽ കൊണ്ടുവന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബില്ലിനുണ്ടായ അനുഭവവും ഇവിടെ ആവർത്തിക്കുമെന്ന് ചില മെമ്പർമാർ പറയുകയുണ്ടായി. 1988-ലാണ് ആന്ധ്രാപ്രദേശിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നത്. ആ നിയമം ഇപ്പോഴും അവിടെ നിലനിൽക്കുകയാണ്. 1986-ൽ ആന്ധ്രാപ്രദേശിൽ ആദ്യമായി ഈ നിയമം കൊണ്ടുവന്നു. എന്നാൽ 1987-ൽ സുപ്രീംകോടതി ആ നിയമം റദ്ദാക്കി. ഈ സാഹചര്യം മറികടക്കാൻ യു.ജി.സി.യുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ വരുത്താൻ കേന്ദ്ര ഗവൺമെന്റ് യു.ജി.സി.യോടു നിർദ്ദശിച്ചതിന്റെ അടിസ്ഥാനത്തിൽ 1988-ൽ യു.ജി.സി. തയ്യാറാക്കിയ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി 1988-ൽ വീണ്ടും ഒരു ഉന്നതവിദ്യാഭ്യാസ കൗൺസിൽ ബിൽ ആന്ധ്രാസർക്കാർ കൊണ്ടുവരുകയും അത് പാസ്സാക്കുകയും ചെയ്തു. ആ നിയമമാണ് ഇന്നും നിലനിൽക്കുന്നത്. പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. 1967-ൽ സമർപ്പിച്ച കോത്താരി കമ്മിഷൻ റിപ്പോർട്ടിൽ പ്രീഡിഗ്രി പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം എന്നായിരുന്നു നിർദ്ദേശം അതിനു *പകരം* പ്രീഡിഗ്രി ബോർഡ് ഉണ്ടാക്കുന്നതിനോടാണ് അന്ന് ഇടതുപക്ഷം വിയോജിച്ചത്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നാൽ സെനറ്റിന്റേയും

സിൻഡിക്കേറ്റിന്റേയും പ്രസക്തി ഇല്ലാതാകുമെന്നുള്ള ഒരാശങ്ക ഉയർന്നു വന്നു. 2003-ൽ കൊണ്ടുവന്ന യൂണിവേഴ്സിറ്റി ആക്ടിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. നായനാർ ഗവൺമെന്റിന്റെ കാലത്താണ് ആദ്യം ശ്രമം നടന്നത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് ശിൽപശാല നടത്തിയെങ്കിലും നിയമമുണ്ടാക്കാൻ കഴിഞ്ഞില്ല. ഈ നിയമനിർമ്മാണ പ്രക്രിയ യാഥാർത്ഥ്യമാക്കാൻ വേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത് എല്ലാ സർവ്വകലാശാലകളുടേയും സ്വയംഭരണാധികാരം നിലനിർത്തിക്കൊണ്ടു തന്നെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രവർത്തിക്കും.

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**2. 2007-ലെ മഹാത്മാഗാന്ധിസർവ്വകലാശാല (ഭേദഗതി) ബിൽ**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : I move that-

This House resolves to disapprove The Mahatma Gandhi University (Amendment) Ordinance, 2007 (Ordinance No. 48 of 2007).

എന്ന നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു. 1985-ലെ 12-ാം നമ്പർ ആക്ട് പ്രകാരം നിലവിൽ വന്ന മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് വളരെ ദയനീയമായ അവസ്ഥയിൽ കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. പിടിച്ചെടുക്കലും അധിനിവേശവുമാണ് വിദ്യാഭ്യാസ രംഗത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ. ഇവിടെ സർവ്വകലാശാലയെ കശാപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളാണ് നടക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സിൻഡിക്കേറ്റിൽ 20 അംഗങ്ങളാണുണ്ടായിരുന്നത് അത് പിന്നീട് 16 അംഗങ്ങളാക്കി ചുരുക്കി. തുടർന്ന് 20 ആയി പുന:സ്ഥാപിക്കുകയും 24 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. അതിപ്പോൾ 25 ആയി വർദ്ധിപ്പിക്കാൻ പോകുകയാണ്. മഹാത്മാഗാന്ധി സർവ്വകലാശാല 1985-ൽ രൂപീകൃതമായ സന്ദർഭത്തിൽ അതിനെക്കുറിച്ച് ഈ സഭയിൽ ധാരാളം ചർച്ചകൾ നടന്നു. ഇൻഡ്യിൽ

ആദ്യമായിട്ടാണ് മഹാത്മാഗാന്ധിയുടെ പേരിൽ ഒരു സർവ്വകലാശാല രൂപപ്പെട്ടത്. മഹാത്മാഗാന്ധിയുടെ പേര് നിലനിൽക്കത്തക്ക വിധത്തിലുള്ള സാഹചര്യമാണ് ആ യൂണിവേഴ്സിറ്റിക്കുണ്ടായിരുന്നത്. അതിനെ തകർക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറിയും സിൻഡിക്കേറ്റിൽ അംഗങ്ങളാണ്. എന്നാൽ ഈ വകുപ്പുകളിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറിമാരാണ് യോഗത്തിൽ പങ്കെടുക്കുന്നത്. ബയോടെക്നോളജിയുടെ തലവനായി ആറ് വർഷം മുൻപ് റിട്ടയർ ചെയ്ത ഒരാളെയാണ് വച്ചിരിക്കുന്നത്. ഈ സ്ഥാനത്ത് ഒരു എക്സിപെർട്ടിനെ നിയമിക്കണം. ഗ്രന്ഥകൻമാരുടെ പ്രതിനിധിയായി ഒരു നല്ല എഴുത്തുകാരനെ നിയമിക്കണം. എം.ജി. യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് ഗ്രേഡ് -2-ന്റെ നിയമനങ്ങളിൽ അപാകതയുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. നിയമനങ്ങളുടെ പേരിൽ വനിത വൈസ് ചാൻസലറെ അപമാനിക്കുകയും ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് ശരിയല്ല. സർവ്വകലാശാലകളിലെ അജണ്ടയിൽ അക്കാഡമിക് കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെടുന്നില്ല. ഉന്നതവിദ്യാഭ്യാസരംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സർവ്വകലാശാലയെ അക്കാഡമിക് രംഗത്ത് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. പഠന സിലബസ്സിൽ കാലാനുസൃതമായ മാറ്റം വരുത്തി സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നീങ്ങണം. എം.ജി. യൂണിവേഴ്സിറ്റിയിൽ യഥാസമയം പരീക്ഷ നടത്തി ഫലം പ്രസിദ്ധപ്പെടുത്താൻ നടപടിയുണ്ടാകണം. പരീക്ഷയ്ക്ക് തലേന്ന് വിദ്യാഭ്യാസ വിദഗ്ദ്ധനെ വിളിച്ച്

ചോദ്യപ്പേപ്പർ തയ്യാറാക്കുന്ന ഏർപ്പാട് നിറുത്തലാക്കണം. രാഷ്ട്രീയവൽക്കരിച്ച് ഒരു സർവ്വകലാശാലയെ പൂർണ്ണമായി പിടിച്ചെടുക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. ഈ ബിൽ കുറ്റമറ്റതാക്കാൻ നടപടികൾ ഉണ്ടാകണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി::</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരളം ഉന്നത വിദ്യാഭ്യാസ രംഗത്ത് പുറകോട്ട് പോയിരിക്കുന്നു എന്നത് വ്യക്തമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ എങ്ങനെ മെച്ചപ്പെടുത്താമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. യു.ഡി.എഫ്. സർക്കാർ എം.ജി. യൂണിവേഴ്സിറ്റിയിൽ നോമിനേറ്റ് ചെയ്ത നാല് സിൻഡിക്കേറ്റ് അംഗങ്ങൾക്ക് പകരം സംഘടനാ പ്രതിനിധികളെ വയ്ക്കാനുള്ള നീക്കത്തിനെതിരെ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഈ സർക്കാർ ഇത്തരമൊരു ബില്ലിലൂടെ നിയമ ഭേദഗതി കൊണ്ടുവന്ന് സർവ്വകലാശാലകളുടെ ആട്ടോണമസ് സ്വഭാവത്തെ തകിടംമറിക്കാൻ ശ്രമിക്കുന്നത്. ഉപദേശക സമിതിയിൽ മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിച്ചപ്പോൾ സിൻഡിക്കേറ്റിന് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കാത്ത അവസ്ഥയിൽ കാര്യങ്ങൾ എത്തിനിൽക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റിക്ക് വളരെ കോൺഫിഡൻഷ്യലായ പരീക്ഷകൾപോലും ദിവസക്കൂലിക്കാരെവച്ച് നടത്തേണ്ട ദു:സ്ഥിതി ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സമൂഹത്തെക്കൂടി മുന്നോട്ടുകൊണ്ടുവരത്തക്കവിധം ഉന്നതവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ സാധിക്കണം. മുസ്ലീം സമുദായത്തെ വിദ്യാഭ്യാസപരമായി പുരോഗതിയിലെത്തിക്കണം. ഈ സർവ്വകലാശാലയുടെ അക്കാഡമിക് നിലവാരം ഉയർത്തണം. എറണാകുളം, കോട്ടയം, ഇടുക്കി

ജില്ലകൾ കേന്ദ്രീകരിച്ച് എം.ജി. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം വൈസ് ചാൻസലർമാർക്കെതിരെ വ്യക്തിപരമായ ആക്രമണങ്ങൾ നടത്തുകയും അവരുടെ അധികാരങ്ങൾ പിടിച്ചെടുക്കാനുള്ള ശ്രമം നടത്തുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നുകഴിഞ്ഞാൽ ഓരോ സർവ്വകലാശാലയിലേയും സിൻഡിക്കേറ്റിലേയ്ക്ക് അതിന്റെ നിർവ്വാഹക സമിതിയിലെ ഒരംഗത്തെ നാമനിർദ്ദേശം ചെയ്യേണ്ടിയിരിക്കുന്നു. ആ അംഗം അതിന് യോഗ്യതയുള്ളയാളായിരിക്കണം. കേരള സമൂഹത്തെ അപമാനിക്കാനുള്ള നിയമനിർമ്മാണവും നോമിനേഷനുമാണ് ഈ ബില്ലിലുള്ളത് എന്നുപറയുന്നതിൽ ഖേദമുണ്ട്. സർവകലാശാലകളുടെ അധികാരങ്ങൾ കവർന്നെടുത്ത് അതിന്റെ പ്രസക്തിതന്നെ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. കരിക്കുലം തീരുമാനിക്കാനുള്ള അവകാശം ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കൊടുക്കുന്നതിനോട് യോജിക്കാനാവില്ല. സർവ്വകലാശാലകളുടെ ഭരണപരവും അക്കാഡമിക്കും ആയിട്ടുള്ള സ്വയംഭരണാവകാശങ്ങൾ കവർന്നെടുത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ പൂർണ്ണ തകർച്ചയിലേയ്ക്ക് നയിക്കാനുള്ള ശ്രമമാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഓൺലൈൻ അലോട്ട്മെന്റിൽ വിദ്യാർത്ഥികൾക്കുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കാൻ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിൽ പ്രയോഗിക പരിശീലന

പരിപാടി നടത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഓപ്ഷൻ രജിസ്റ്റർ ചെയ്തതും അലോട്ട്മെന്റുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ചും അന്വേഷിക്കണം. 5 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകിയത് സംബന്ധിച്ച ഫാക്സ് മെസേജുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചോ എന്ന് വ്യകതമാക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും സിൻഡിക്കേറ്റിനെയും ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതിയാണ് 2007-ലെ ഓർഡിനൻസിലും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലും സൂചിപ്പിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ വ്യവസ്ഥകൾ മാറ്റുമ്പോൾ അതനുസരിച്ചുള്ള നിയമനിർദ്ദേശങ്ങൾ എം. ജി. യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. 23 പഠന വകുപ്പുകളും 224 അഫിലിയേറ്റഡ് കോളേജുകളുമുള്ള വളരെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമാണ് എം. ജി. യൂണിവേഴ്സിറ്റി. കേരളത്തിലെ വിദ്യാഭ്യാസ രംഗം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ കൊണ്ടുവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണവും ഉത്തരവാദിത്വവും ഉറപ്പ് വരുത്തുകയാണ് ഈ കൗൺസിലിന്റെ ലക്ഷ്യം. കേരളത്തിലെ അക്കാഡമിക് സ്ഥാപനങ്ങളിൽ സാമൂഹ്യനീതി

നിലനിർത്തണം. ഉന്നത വിദ്യാഭ്യാസം കുറെ ആളുകളെ പഠിപ്പിക്കാൻവേണ്ടി മാത്രമാകാതെ, സർവ്വകലാശാലകളുടെ വികസനത്തിനും വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്കും വേണ്ടിയാകണം. ഉന്നത വിദ്യാഭ്യാസ മേഖലയെ മറ്റു രാജ്യങ്ങളിലെ സർവ്വകലാശാലകൾക്ക് അടിയറ വയ്ക്കുകയാണ് ഇൻഡ്യാ ഗവൺമെന്റ് ചെയ്യുന്നത്. അമേരിക്കയിൽ പഠിക്കുന്ന 14% കുട്ടികളും ഇന്ത്യാക്കാരാണ്. എം.ജി. യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അഴിമതിയുമായി മുന്നോട്ടുപോകുമ്പോൾ സംസ്ഥാനം ഭരിക്കുന്നവർക്ക് എതിർക്കാനുള്ള അധികാരമുണ്ട്. യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണകാലത്ത്, ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ എല്ലാ ബാദ്ധ്യതയും എം.ജി. യൂണിവേഴ്സിറ്റി ഏറ്റെടുത്തു എന്നതും 15% വെയിറ്റേജ് ഒരു സർവ്വകലാശാലയ്ക്ക് കൊടുത്തതും പിൻവാതിൽ നിയമനം വഴി 500 അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ കൊടുത്ത് സ്ഥിരപ്പെടുത്താൻ ശ്രമിച്ചതും അസിസ്റ്റന്റ് ഗ്രേഡ് 2 പരീക്ഷയുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറും ഉദ്യോഗസ്ഥരും വ്യാജരേഖ ചമച്ചതും അന്യായമായ കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. പുതിയ സിൻഡിക്കേറ്റ് വന്നതിനുശേഷമാണ് എം.ജി. യൂണിവേഴ്സിറ്റിയിൽ റിസൾട്ട് കൃത്യമായി പബ്ലിഷ് ചെയ്തുതുടങ്ങിയത്. ഇത് ഒരു പുതിയ നിയമമാണ്. ഈ നിയമത്തിന്റെ ഭാഗമായി ഇതിൽ ഏതൊക്കെ കാറ്റഗറികളിൽപ്പെട്ടവരെ ഉൾപ്പെടുത്തണം എന്നത് സംബന്ധിച്ചാണ് ചർച്ച ചെയ്യേണ്ടത്. സ്വാശ്രയ വിദ്യാഭ്യാസ ബില്ലിന്റെ കാര്യത്തിൽ കോടതിയും പ്രതിപക്ഷവും ഒരേ അഭിപ്രായമാണ് പ്രകടിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെ മെരിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം അവരുടെ മാനദണ്ഡം നിശ്ചയിക്കേണ്ടത്.

കോടതി നിലപാടിന് വിരുദ്ധമായി നയപരമായ തീരുമാനങ്ങളുണ്ട്. സമ്പന്ന വിഭാഗക്കാരോടൊപ്പം പാവപ്പെട്ട വിദ്യാർത്ഥികൾക്കും പഠിക്കാനുള്ള അവസരം ഉണ്ടാകണം. ഇക്കാര്യത്തിൽ ജനപിന്തുണ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനൊപ്പമുണ്ടെന്ന വിശ്വാസമുണ്ട്. കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗൗരവമായ ചുമതലകൾ നിർവ്വഹിക്കേണ്ട ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ ഭേദഗതിയിലൂടെ അത് നിർവ്വഹിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പരിമിത ഉദ്ദേശലക്ഷ്യങ്ങളോടെ നിയമത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് നടത്തിയ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി പറയുകയാണ്. സിലബസ്സ് പരിഷ്ക്കരിക്കുന്നതിന്റെ പ്രാധാന്യത്തോട് യോജിക്കുകയാണ്. ഈ സർക്കാർ ചുമതലയേറ്റശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത വൈസ് ചാൻസലർമാരുടെ ആദ്യ യോഗത്തിൽ പരീക്ഷാ കലണ്ടർ കർക്കശമായി പാലിക്കണമെന്നാണ് തീരുമാനമെടുത്തിട്ടുള്ളത്. പരീക്ഷ കൃത്യസമയത്തുതന്നെ നടത്തി ഫലം പ്രഖ്യാപിക്കണമെന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. ന്യൂനപക്ഷത്തിൽ പ്പെട്ടവരെ പ്രധാന ചുമതലകളിൽനിന്ന് ചില നടപടിക്രമങ്ങൾക്ക് വിധേയമായി ഒഴിവാക്കേണ്ടതായിവന്നിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്ത്യയിൽ ആദ്യമായി ന്യൂനപക്ഷ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരു വിദ്യാഭ്യാസ വിചക്ഷണ കോഴിക്കോട് സർവ്വകലാശാല വി.സി.യായി ചുമതലയേറ്റിരിക്കുകയാണ്. കൂടാതെ, എസ്.സി.ഇ.ആർ.ടി.യുടെ ഡയറക്ടറും ന്യൂനപക്ഷവിഭാഗക്കാരനാണ്. ഫാക്സ് അയച്ചതുമായി ബന്ധപ്പെട്ട വിവാദത്തെ സംബന്ധിച്ചുള്ള

ഡിപ്പാർട്ടുമെന്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തി യായാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന്റെ ഫലം അറിയിക്കുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു..

നിരാകരണപ്രമേയം നിരാകരിക്കപ്പെട്ടു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ സാമൂഹ്യസേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.

************